# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LII - JK 24** | **2019 January 6** | **No. 2**

### സർക്കുലർ 4

## THE PHASE OF THE PRELIMINARY ARCHDIOCESAN INVESTIGATION IN VIEW OF THE INTRODUCTION OF THE CAUSE OF HIS GRACE LATE MOST REV. DR. JOSEPH ATTIPPETTY, THE FIRST INDIGENOUS ARCHBISHOP OF VERAPOLY

യേശുവിൽ പ്രിയ സഹോദരവൈദികരേ,
സന്ന്യാസ സഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,

തന്റെ ജീവിതകാലം മുഴുവൻ സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് വളരുകയും അതുവഴി മറ്റുള്ളവരെ വിശുദ്ധിയിൽ വളരാൻ സഹായിക്കുകയും ചെയ്ത വരാപ്പുഴ അതിരൂപതയുടെ പ്രഥമ തദ്ദേശീയ മെത്രാപ്പോലീത്ത അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവ് ദിവംഗതനായിട്ട് 2019 ജനുവരി 21-ാം തീയതി 49 വർഷം തികയുകയാണ്. 1894 ജൂൺ 25-ാം തീയതി ഓച്ചന്തുരുത്ത് ക്രൂസ് മിലാഗ്രിസ് ഇടവകയിൽ അട്ടിപ്പേറ്റി തറവാട്ടിൽ മാത്യുവിന്റേയും റോസയുടെയും അഞ്ചു മക്കളിൽ രണ്ടാമനായിട്ടാണ് ജോസഫ് അട്ടിപ്പേറ്റി പിതാവ് ഭൂജാതനായത്.

ഓച്ചന്തുരുത്ത് സ്കൂൾമുറ്റം സെന്റ് മേരീസ് സ്കൂളിൽ പ്രാഥമീക വിദ്യാഭ്യാസം നടത്തിയ ജോസഫിന്റെ തുടർന്നുള്ള വിദ്യാഭ്യാസം എറണാകുളത്തെ സെന്റ് ആൽബർട്ട്സ് ഹൈസ്ക്കൂളിലായിരുന്നു. പിന്നീട് കോളേജ് വിദ്യാഭ്യാസത്തിനായി അദ്ദേഹം തൃശ്ശിനാപ്പിള്ളിയിൽ സെന്റ് ജോസഫ്സ് കോളേജിൽ അയക്കപ്പെട്ടു.

ഈ കോളേജ് വിദ്യാഭ്യാസത്തിനുശേഷമാണ് യുവാവായ ജോസഫ് വരാപ്പുഴ അതിരൂപത സെമിനാരിയിൽ ചേർന്നത്. സെമിനാരിയിലെ ആദ്യ വർഷങ്ങൾക്കുശേഷം ഉടനെ തന്നെ മേജർ സെമിനാരി പഠനം റോമിൽ നടത്തുവാൻ ബ്രദർ ജോസഫിന് ഭാഗ്യം ലഭിച്ചു. റോമിലെ പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ ഉത്ഭവത്തിന്റെ മൂന്നാം നൂറ്റാണ്ടു പ്രമാണിച്ചുള്ള ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് ഡീക്കൻ ജോസഫിന് അന്ന് പരിശുദ്ധ പിതാവിന്റെ വികാരി ജനറൽ ആയിരുന്ന അത്യുന്നത കർദ്ദിനാൾ മോസ്റ്റ് റവ. ഡോ. പോംഫിലി 1926 ഡിസംബർ 18–ാം തീയതി വൈദികപട്ടം നല്കിയത്.

റോമിൽ നിന്നും തത്വശാസ്ത്രത്തിൽ പി.എച്ച്.ഡിയും ദൈവശാസ്ത്രത്തിൽ ബി.ഡി.യും കരസ്ഥമാക്കിയശേഷം വൈദികപട്ടം സ്വീകരിച്ച് അതിരൂപതയിലേക്ക് മടങ്ങി എത്തിയപ്പോൾ ചാത്യാത്ത് മൗണ്ട് കാർമൽ ഇടവക പള്ളിയിൽ സഹവികാരിയായി ജോസഫച്ചൻ ആദ്യമായി നിയമിതനായി.

അന്ന് വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന അഭിവന്ദ്യ എയ്ഞ്ചൽ മേരി പിതാവിന്റെ സെക്രട്ടറിയായി ഫാദർ ജോസഫ് താമസിയാതെ നിയമിക്കപ്പെട്ടു. ഈ യുവവൈദികന്റെ അസാധാരണമായ പക്വതയും തികവുറ്റ ആദ്ധ്യാത്മീയതയും ദർശിച്ചു സംപ്രീതനായ അഭിവന്ദ്യ എയ്ഞ്ചൽ മേരി മെത്രാപ്പോലീത്താ തന്റെ സെക്രട്ടറി ആയിരുന്ന ഫാദർ ജോസഫിനെ യുവാവായിരിക്കുമ്പോൾ തന്നെ എറണാകുളത്തെ പെറ്റി സെമിനാരി വിദ്യാർത്ഥികളുടെ കുമ്പസാരക്കാരനും, ആദ്ധ്യാത്മീക പിതാവുമായിട്ടുകൂടി ഉയർത്തി.

1932 നവംബർ 29–ാം തീയതി വരാപ്പുഴ അതിരൂപതയുടെ കോ-അജ്യൂത്തോർ ആർച്ച്ബിഷപ്പായി വെരി റവ. ഫാദർ ജോസഫ് അട്ടിപ്പേറ്റി നിയമിതനായപ്പോൾ അത് ഇന്ത്യയിലെ ലത്തീൻ കത്തോലിക്കാ

സഭയിലെ തന്നെ ആദ്യത്തെ തദ്ദേശീയ മെത്രാപ്പോലീത്തായായിട്ടുള്ള നിയമനമായിരുന്നു.

കർത്താവിന്റെ തിരുമരണത്തിന്റെയും ഉയിർപ്പിന്റേയും പത്തൊൻപതാം ശതാബ്ദി പ്രമാണിച്ചുള്ള ആഘോഷങ്ങളുടെ ഭാഗമായിട്ടാണ് 1933 ജൂൺ 11-ാം തീയതി അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിനെ വരാപ്പുഴ അതിരൂപതയുടെ ആദ്യത്തെ തദ്ദേശീയ മെത്രാനായി റോമിൽ വച്ച് പതിനൊന്നാം പീയൂസ് പാപ്പാ മറ്റ് നാല് മെത്രാന്മാരോടൊപ്പം അഭിഷേകം ചെയ്തത്. 1934 ഡിസംബർ 21-ാം തീയതി വരാപ്പുഴ അതിരൂപതയുടെ മെത്രാപ്പോലീത്തയായി അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവ് സ്ഥാനം ഏറ്റെടുത്തു. 1935 ജൂലൈ 25-ാം തീയതി അഭിവന്ദ്യ പിതാവിന് പാലീയം ലഭിച്ചു.

കോട്ടപ്പുറം രൂപത ഉൾപ്പെട്ടിരുന്ന അന്നത്തെ അതിവിശാലമായ വരാപ്പുഴ അതിരൂപതയിലെ എല്ലാ കുടുംബങ്ങളും സന്ദർശിച്ചുകൊണ്ട് അചിന്തനീയമായ രീതിയിൽ അതിരൂപതയുടെ ഐക്യവും കെട്ടുറപ്പും അട്ടിപ്പേറ്റി പിതാവ് പതിന്മടങ്ങു വർധിപ്പിച്ചു എന്ന സത്യം അഭിവന്ദ്യ പിതാവിന്റെ ശുശ്രൂഷയെ അസാധാരണമാക്കുന്നു.

അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവ് മുൻകൈയെടുത്ത് തന്റെ സുഹൃത്ബന്ധത്തിന്റെ സ്വാധീനം ഉപയോഗിച്ചതിലൂടെയാണ് ഇന്നത്തെ എറണാകുളം ഷൺമുഖം റോഡ് ഒരു യാഥാർത്ഥ്യമായി തീർന്നത് എന്ന സത്യം നാം എന്നും ഓർക്കണം.

വിദ്യാഭ്യാസത്തെക്കുറിച്ച്, പ്രത്യേകിച്ച് സമുദായവിദ്യാഭ്യാസത്തെക്കുറിച്ച് അഭിവന്ദ്യ പിതാവിന് വളരെ വ്യക്തമായ വീക്ഷണം ഉണ്ടായിരുന്നു. ഈ വീക്ഷണത്തിലൂന്നികൊണ്ടാണ് പിതാവ് തന്റെ വിവിധ വിദ്യാഭ്യാസപ്രവർത്തനങ്ങളെ മുമ്പോട്ടുകൊണ്ടു പോയത്.

കോട്ടപ്പുറം രൂപതയിലെ തുരുത്തിപ്പുറത്തെ സെന്റ് ഫ്രാൻസിസ് അസ്സീസി ഇടവകയിൽ അന്ന് ആരംഭിക്കപ്പെട്ട ആശുപത്രി, വരാപ്പുഴ അതിരൂപതയിൽ ആദ്യം ജന്മംകൊണ്ട്, പിന്നീട് അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ സഹായത്തോടെ അന്തർദേശിയ ഓ.എസ്. ജെ. സന്യാസസഭയിലേക്ക് ലയിക്കപ്പെട്ട്, കൊടുങ്ങല്ലൂരിലേക്ക് അന്ന് പിതാവിനാൽ സ്വാഗതം ചെയ്യപ്പെട്ട ഓ.എസ്.ജെ. സന്യാസസഭയുടെ

പ്രാദേശീക അടിസ്ഥാന യൂണിറ്റ്, എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജ്, കളമശ്ശേരിയിലെ സെന്റ് പോൾസ് കോളേജ്, ലിറ്റിൽ ഫ്ളവർ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ അതിരൂപതയിലെ മിക്കവാറും വിദ്യാഭ്യാസസ്ഥാപനങ്ങളും, ലൂർദ് ആശുപത്രിയും സ്ഥാപിതമായത് അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ കാലത്താണ്.

വരാപ്പുഴ മെത്രാപ്പോലീത്ത ആയതിനുശേഷമുള്ള നീണ്ട മുപ്പത്തിയേഴു വർഷത്തെ അത്യുജ്ജ്വലങ്ങളായ സേവനങ്ങളിലൂടെ അന്ന് കോട്ടപ്പുറം രൂപത ഉൾപ്പെട്ടിരുന്ന വരാപ്പുഴ അതിരൂപതയുടെ നൂതന ശില്പി ആണെന്നുള്ള അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ കീർത്തി ഇന്ത്യയിലും പുറത്തും പരന്നു. ആദ്ധ്യത്മികതക്ക് തീർത്തും മുൻതൂക്കം കൊടുത്തു കൊണ്ടുള്ള ഒരു ഭരണമായിരുന്നു അഭിവന്ദ്യ പിതാവിന്റേത്. പിതാവിന്റെ ജീവിതം പൊതുവെ വിശുദ്ധി നിറഞ്ഞ തായിരുന്നു.

തിരക്കേറിയ തന്റെ ഔദ്യോഗിക ജീവിതത്തിനിടയിലും ദിവ സവും മണിക്കൂറുകൾ കുർബാനയ്ക്കും, ദിവ്യകാരുണ്യ ആരാധ നയ്ക്കും, ധ്യാനത്തിനും, വ്യക്തിപരമായ പ്രാർത്ഥനയ്ക്കും, ജപമാല ചൊല്ലുന്നതിനുംവേണ്ടി പിതാവ് ചിലവഴിച്ചിരുന്നു. ഇതെല്ലാം പിതാ വിന്റെ ആദ്ധ്യാത്മീക ജീവിതത്തിന്റെ നട്ടെല്ലായിരുന്നു. അഭിവന്ദ്യ പിതാ വിന്റെ വളരെ ചിട്ടയായ പ്രാർത്ഥനാജീവിതം അസംഖ്യം പേർക്ക് അതി ശക്തമായ പ്രചോദനമായിരുന്നു. മരിയഭക്തി പിതാവിന്റെ ആദ്ധ്യാ ത്മീകതയുടെ പ്രത്യേകം എടുത്തു പറയേണ്ട ഒരു സുപ്രധാനഭാഗം തന്നെയാണ്. എല്ലാ വെള്ളിയാഴ്ചകളിലും നോമ്പ് കാലങ്ങളിലെ ഞായറാഴ്ചകളിൽ ഒഴികെയുള്ള എല്ലാ ദിവസവും അട്ടിപ്പേറ്റി പിതാവ് ഉപവാസം എടുക്കുമായിരുന്നു.

1970 ജനുവരിയിൽ ഇന്ത്യയിലെ കത്തോലിക്കാ മെത്രാന്മാരുടെ കോൺഫറൻസ് എറണാകുളത്തു നടന്നപ്പോൾ അഭിവന്ദ്യപിതാക്ക ന്മാർക്ക് വരാപ്പുഴ അതിരൂപതയിൽ ജോസഫ് അട്ടിപ്പേറ്റി പിതാവ് ആതിഥ്യമരുളി. ആ ബിഷപ്സ് കോൺഫെറൻസിന്റെ സമാപന ദിവസങ്ങളിലേക്ക് കടന്നുകൊണ്ടിരുന്നപ്പോഴാണ് അത്യന്തം ജോലി ത്തിരക്കുകൾക്കിടയിൽ തീർത്തും അപ്രതീക്ഷിതമായി പിതാവിന് പനി ബാധിക്കുന്നത്. അവസാനം ലൂർദ് ആശുപത്രിലെയും, വെല്ലൂർ ആശു

പത്രിയിലെയും സുപ്രസിദ്ധരായ ഡോക്ടർമാർ ഒന്നിച്ച് ചികിത്സ നടത്തി നോക്കിയെങ്കിലും വലിയ ഫലം ഒന്നും ഉണ്ടായില്ല. തന്റെ ജീവിതത്തിന്റെ അവസാനത്തെ പത്തു ദിവസങ്ങളിൽ അബോധാവ സ്ഥയിൽ എറണാകുളത്തു ലൂർദ് ആശുപത്രിയിൽ തുടർന്നുകൊണ്ടി രുന്ന പിതാവ് അവസാനം രോഗീലേപനം സ്വീകരിച്ചുകൊണ്ട് 1970 ജനുവരി 21-ാം തീയതി രാത്രി 9.30ന് സ്വർഗ്ഗത്തിലേക്കുള്ള തന്റെ യാത്ര ആരംഭിച്ചു.

ബോംബെ അതിരൂപത മെത്രാപ്പോലീത്താ അത്യുന്നത കർദ്ദി നാൾ വലേറിയാൻ ഗ്രേഷ്യസിന്റെ പ്രധാന കാർമികത്വത്തിലും മറ്റു ധാരാളം മെത്രാന്മാരുടെ സഹകാർമ്മികത്വത്തിലും അട്ടിപ്പേറ്റി പിതാ വിന്റെ മൃതസംസ്കാരകർമങ്ങൾ നടത്തപ്പെട്ടു. നൂറുകണക്കിന് ഇട വക വൈദികരും, എണ്ണാനാവാത്ത അത്രയും സന്യാസീ-സന്യാസി നികളും, ആയിരക്കണക്കിന് അല്മായരും ഈ മൃതസംസ്കാര കർമ്മ ങ്ങളിൽ പങ്കെടുത്തു. അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ മൃതശരീരം എറണാകുളത്ത് സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീ ഡ്രൽ ദേവാലയത്തിനുള്ളിൽ സംസ്ക്കരിക്കപ്പെട്ടു.

ഈ പ്രത്യേക നാമകരണനടപടിയുടെ കാനോനിക ആക്ടർ ആയ വരാപ്പുഴ അതിരൂപതയുടെ നിയമപരമായ പ്രതിനിധി എന്ന ഔദ്യോഗിക പദവിയുള്ള ഓച്ചന്തുരുത്തിലെ ക്രൂസ് മിലാഗ്രസ് ഇട വക വികാരി ജനശബ്ദത്തെ തിരിച്ചറിഞ്ഞു വരാപ്പുഴ അതിമെത്രാസ നത്തെ സമീപിച്ച് പുണ്യശ്ലോകനായ അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി മെത്രാപ്പോലീത്തയുടെ നാമകരണനടപടികൾ ആരംഭിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് പ്രാഥമിക അപേക്ഷ നൽകുകയുണ്ടായി. പ്രസ്തുത അപേക്ഷയുടെ സാധുത ബോധ്യപ്പെട്ടതിനാൽ അത് സ്വീക രിക്കപ്പെടുകയുണ്ടായി. തുടർന്ന്, നിയമാനുസൃതം നിയമിതനായ പോസ്റ്റുലേറ്റർ ഫാദർ ആൻഡ്രൂസ് അലക്സാണ്ടർ OFM Cap. അഭി വന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ ജീവിതത്തെയും, വ്യക്തിത്വ ത്തിന്റെ വിവിധ വശങ്ങളെയും, ആദ്ധ്യാത്മികതയേയും, സുകൃതങ്ങ ളെയും വിശുദ്ധിയുടെ പ്രസിദ്ധിയേയും കുറിച്ചും ഈ നാമകരണ നടപടിമൂലം തിരുസഭയ്ക്ക് ഉണ്ടാകാവുന്ന ഗുണങ്ങളെപറ്റിയും കാനോ നീകമായിട്ടുള്ള വിദഗ്ധമായ ഒരു പഠനം നടത്തുകയുണ്ടായി. ഈ

പഠനഫലങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'സുപ്പ്ലെക്സ് ലിബെല്ലുസ്' (SUPPLEX LIBELLUS) എന്ന കാനോനികമായ അപേക്ഷയിലൂടെ (Formal Petition) അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ നാമക രണത്തിന്റെ അതിരൂപതാതല പ്രാഥമിക നടപടികൾ സമാരംഭിക്കു ന്നതിന് യാതൊരുവിധ കാനോനികമായ തടസ്സങ്ങളും ഇല്ലായെന്ന് ഔദ്യോഗികമായി ഉറപ്പ് ലഭിച്ചു. ഈ പശ്ചാത്തലത്തിൽ പ്രസ്തുത നടപടികളുടെ ഭാഗമായി ഒരു ഹിസ്റ്റോറിക്കൽ കമ്മീഷൻ സന്തോഷ പൂർവ്വം രൂപീകരിക്കുന്നു.

പുണ്യസ്മരണാർഹനായ ജോസഫ് അട്ടിപ്പേറ്റി പിതാവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, രേഖകളും ശേഖരിച്ച് ചരിത്രപരമായ ഗവേഷണപഠനങ്ങൾ നടത്തി, അതിന്റെ സമ്പൂർണ്ണമായ റിപ്പോർട്ടും, ഈ പഠനങ്ങളെ ആസ്പദമാക്കിയുള്ള ചരിത്രപരമായ നിഗമനങ്ങളും, കണ്ടുപിടുത്തങ്ങളും ആധികാരികമായും ഔദ്യോഗികമായും സമർപ്പി ക്കുകയാണ് ഹിസ്റ്റോറിക്കൽ കമ്മീഷന്റെ ചുമതല. ഈ കമ്മീഷന്റെ പ്രസിഡന്റായി റവ. ഫാദർ അഗസ്റ്റിൻ ലൈജു കണ്ടനാട്ടുതറയേയും, മറ്റ് അംഗങ്ങളായി റവ. ഫാദർ ഫ്രാൻസിസ് മരോട്ടിക്കാപ്പറമ്പിലിനെ യും, കോട്ടപ്പുറം രൂപതയിലെ റവ. ഫാദർ ജോസഫ് തട്ടകത്തിനെയും നിയമാനുസൃതമായി നിയോഗിച്ചിരിക്കുന്നു. അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റിപിതാവുമായി ഏതെങ്കിലും തരത്തിൽ ബന്ധപ്പെട്ട എല്ലാ വിവരങ്ങളും, രേഖകളും ഈ കമ്മീഷന് നിങ്ങൾ നല്കണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു.

ഭാഗ്യസ്മരണാർഹനായ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ 49-ാം ചരമവാർഷികദിനമായ 2019 ജനുവരി 21-ാം തീയതി തിങ്കളാഴ്ച വൈകിട്ട് 5.30ന് എറണാകുളം സെന്റ് ഫ്രാൻസീസ് അസ്സീസി കത്തീ ഡ്രലിൽവച്ച് അർപ്പിക്കപ്പെടുന്ന അനുസ്മരണാദിവ്യബലിയോടെ നാമകരണ നടപടികളുടെ അതിരൂപതാതല പ്രാഥമിക അന്വേഷ ണത്തിന്റെ പ്രാരംഭഘട്ടത്തിന് തുടക്കം കുറിക്കുകയാണ്. ഈ അനുസ്മരണദിവ്യബലിയിൽ പങ്കെടുക്കുന്നതിനായി എല്ലാ വൈദി കരേയും സന്ന്യസ്തരേയും അല്മായസഹോദരങ്ങളേയും സ്നേഹ പൂർവ്വം ക്ഷണിക്കുന്നു.

ഈ സർക്കുലർ നമ്മുടെ പ്രഥമ തദ്ദേശീയ മെത്രാപ്പോലീത്തയായിരുന്ന ജോസഫ് അട്ടിപ്പേറ്റി പിതാവിനോടുള്ള നമ്മുടെ സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും അടയാളമായി വരാപ്പുഴ അതിരൂപതയിലും, കോട്ടപ്പുറം രൂപതയിലും 2019 ജനുവരി 13-ാം തീയതി ഞായറാഴ്ച ദിവ്യബലിമധ്യേ വായിക്കേണ്ടതാണ് എന്ന് ഓർമ്മിപ്പിച്ചുകൊണ്ട് ഞങ്ങൾക്ക് നിങ്ങളോടുള്ള പൈതൃകസ്നേഹത്തിന്റെ അടയാളമായി പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ആശീർവദിക്കുന്നു.

സ്നേഹപൂർവ്വം,

✠ ***ജോസഫ് കളത്തിപ്പറമ്പിൽ***
വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്ത

✠ ***ജോസഫ് കാരിക്കശ്ശേരി***
കോട്ടപ്പുറം രൂപതാ മെത്രാൻ

06.01.2019
എറണാകുളം

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre,  Kakkanad, Kochi - 21